## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം **നം.90** — **04.03.2020** -ൽ മറുപടിയ്ക്ക്

## കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. രാജഗോപാലൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. പി.വി. അൻവർ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായുള്ള അസാധാരണ ചൂട് കാട്ടുതീ തനിയെ ഉണ്ടാകുന്നതിനും സാമൂഹ്യ വിരുദ്ധർ തീ പടർത്തുന്നതിനും അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിച്ചു വരുന്ന വനസംരക്ഷണ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായുള്ള അസാധാരണ ചൂട് കാട്ടുതീ തനിയെ ഉണ്ടാകുന്നതിനും സാമൂഹ്യവിരുദ്ധർ തീ പടർത്തുന്നതിനും അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കാട്ടുതീ പ്രതിരോധ - സംരക്ഷണ മാർഗ്ഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കാട്ടുതീ കെടുത്താനുള്ള ശ്രമത്തിനിടയിൽ വനപാലകർ മരിക്കാനിടയായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ തീയണയ്ക്കുന്നതിനുള്ള ആധുനിക സംവിധാന | (ബി) പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടു |

| | | |
|---|---|---|
| | ങ്ങളും സുരക്ഷാ സംവിധാനങ്ങളും അടിയന്തരമായി ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; | കൂടിയ രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്. |
| (സി) | വനാതിർത്തി സർവ്വേ നടത്തി അതിർത്തി തിരിച്ച് സംരക്ഷണ മാർഗ്ഗങ്ങൾ ഏർപ്പെടുത്താനുള്ള പ്രവർത്തനം കാര്യക്ഷമതയോടെ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) ഉണ്ട്. 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ / സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനത യിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. ഇതുവരെ 8 ബാച്ചുകളിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ / സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ള താണ്. |

സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃതിയാലുള്ളത് ഉൾപ്പെടെ ഇതിൽ 15,533 - കിലോമീറ്ററോളം വനാതിർത്തി 31.03.2019 വരെ ജണ്ടകെട്ടി വേർതിരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുക യുണ്ടായി. 2019-20 ൽ 13,000 ജണ്ടകൾ (ഉദ്ദേശം 600 കി.മീ. വനാതിർത്തി) നിർമ്മിക്കുവാൻ കഴിയുന്നതാണ്. അവശേഷിക്കുന്ന ഉദ്ദേശം 713 കി.മീറ്റർ വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. എല്ലാ റെയിഞ്ചുകളിലും ഫയർ സീസണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരം തിരിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനം നടപ്പിലാക്കുന്നു. തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, കൂടുതൽ ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

2. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) / വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

3. വിവിധ സ്ഥലങ്ങളിൽ കാട്ടുതീ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ, റാലി, തെരുവ് നാടകങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

4. ട്രക്ക് പാത്തുകളും കൂപ്പുറോഡുകളും നവീകരിച്ച് ഉൾക്കാട്ടുകളിൽ താമസംവിനാ എത്തിച്ചേർന്ന് കാട്ടുതീ കണ്ടെത്തിത്തടയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

5. കാട്ടുതീ മൂലം കത്തി കൊണ്ടിരിക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി തീ പടരാതെ സംരക്ഷിക്കുന്നതിന് ചെയിൻസാ വാങ്ങി നൽകുന്നതിനും, കാട്ടുതീ കെടുത്തുന്നതിന് സഹായമായ ബ്ലോവർ, ഫയർ റെക്കർ എന്നിവ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. എല്ലാ റെയിഞ്ചുകളിലും തീ ഉണ്ടാകുന്നത് കണ്ടെത്തി താമസംവിനാ വിവരങ്ങൾ കൈമാറി സത്വര നടപടി സ്വീകരിക്കുന്നതിന് വയർലസ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ആയതിലേക്കായി ഈ വർഷം മെയിൻസെറ്റ് - 80 എണ്ണം, വാക്കിടോക്കി - 300 എണ്ണം, മൊബൈൽ സെറ്റ് - 50 എണ്ണം വാങ്ങി നൽകിയിട്ടുണ്ട്.

7. സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് പെട്രോളിംഗ് ശക്തമാക്കുകയും, താൽക്കാലിക വാച്ച് ടവർ നിർമ്മിക്കുകയും, ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

8. കാട്ടുതീയുമായി ബന്ധപ്പെട്ട് ഈ വർഷം ഇതുവരെ സംസ്ഥാനത്ത് 14 ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

9. വനംവകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ കാട്ടുതീ സാധ്യത മുൻനിർത്തി സന്ദർശകരെ പരിമിതപ്പെടുത്തുകയോ / താത്കാലികമായി ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചിടുകയോ ചെയ്തു വരുന്നുണ്ട്.

10. വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിലേക്കായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI)) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയായ ഫയർ അലർട്ട് സിസ്റ്റത്തിൽ വനംവകുപ്പിലെ ജീവനക്കാരും പൊതുജനങ്ങളും ഉൾപ്പെടെ ആകെ 3700 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. FSI യുടെ ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ് മുഖേന തീയുടെ വിവരം, കൃത്യസ്ഥലം (അക്ഷാംശവും രേഖാംശവും അടക്കം), കൃത്യസ്ഥലത്തിന്റെ ഭൂപടം ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്.

11. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എഫ്.എസ്.ഐ മുഖേന ലഭിക്കുന്ന കാട്ടുതീ സാധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാതു ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

Praveen

സെക്ഷൻ ഓഫീസർ